# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2693** **18.08.2017-ൽ മറുപടിയ്ക്ക്**

## ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ബാബു | പ്രൊഫ: സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എത്ര സ്ഥാപനങ്ങൾ ഇത്തരത്തിൽ പ്രവർത്തിക്കുന്നുണ്ട്; | എ) സംസ്ഥാനത്തെ ഏകദ്ധ്യാപക വിദ്യാലയങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു.285 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. |
| ബി) ഈ സ്കൂളിലെ അദ്ധ്യാപകരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച വിശദാംശം നൽകുമോ ; | ബി) എം.ജി.എൽ.സി സ്കൂളുകളിലെ അദ്ധ്യാപകർക്ക് നിലവിൽ 10,000/-രൂപ ഓണറേറിയവും, മറ്റ് ആനുകൂല്യങ്ങളായ ഉത്സവബത്ത, ഹിൽട്രാക്ക് അലവൻസ്, ആർജ്ജിതാവധി എന്നിവ നൽകി വരുന്നു. ടി അദ്ധ്യപകരുടെ ഓണറേറിയം 17325/- രൂപ ആയി വർദ്ധിപ്പിച്ചെങ്കിലും ഏതു കാലയളവ് മുതൽ പ്രാബല്യം നൽകണമെന്ന കാര്യത്തിൽ തീരുമാനമാകേണ്ടതുണ്ട്. |
| സി) നിരവധി ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ട് വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന ഏക അദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരെ സ്ഥിരപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | സി) ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻഓഫീസർ